# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4319** — **17.12.2014 ൽ മറുപടിക്ക്**

## ക്ഷയരോഗ നിയന്ത്രണത്തിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പ് ക്ഷയരോഗ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി (ആർ.എൻ.ടി.സി.പി) യാണ് ക്ഷയരോഗ നിയന്ത്രണത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ/സ്റ്റേറ്റ് ടി.ബി ഓഫീസറുടെ കീഴിൽ 14 ജില്ലാ ടി.ബി സെന്ററുകളും ഓരോ ജില്ലകളിലും 5 ലക്ഷം ജനസംഖ്യയ്ക്ക് ഓരോ ടി.ബി യൂണിറ്റുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, കഫ പരിശോധനയ്ക്കായി ഒരു ലക്ഷം ജനസംഖ്യയ്ക്ക് ഒരു മെഡിക്കൽ ലബോറട്ടറി മുതലായവ പ്രവർത്തിക്കുന്നു. മരുന്നുകൾ നേരിട്ടുള്ള നിരീക്ഷണത്തിൽ നല്കുന്ന ഡോട്ട്സ് സമ്പ്രദായത്തിലൂടെയാണ് ചികിത്സ നല്കുന്നത്.<br>ക്ഷയരോഗികൾക്ക് മരുന്ന് നല്കാനായി രോഗികൾക്ക് സൗകര്യപ്രദമായ ചികിത്സാദായകരെയാണ് ഏൽപി ച്ചിരിക്കുന്നത്. ഓരോ ജില്ലയിലും ആശാവർക്കർമാർ, സന്നദ്ധ സംഘടനകൾ, അംഗൻവാടികൾ മുതലായവയിലെ പ്രവർത്തകർ ഡോട്സ് ചികിത്സാദായകരായി പ്രവർത്തിച്ചുവരുന്നു. കൂടാതെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളെല്ലാം തന്നെ ഡോട്സ് സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. ടി.ബി രോഗികളെ കിടത്തി ചികിത്സിക്കുവാനായി തിരുവനന്തപുരത്തും കോഴിക്കോട്ടും ഡി.ആർ.ടി.ബി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. |

(ബി) ക്ഷയരോഗ നിർണ്ണയത്തിനായി പ്രവർത്തിക്കുന്ന സെന്ററുകളുടെ വിശദാംശം പ്രസിദ്ധപ്പെടുത്തുമോ; താലൂക്ക് ആസ്ഥാനങ്ങളിൽ ഇത്തരം സെന്ററുകൾ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ ജില്ലകളിലും ജില്ലാ ക്ഷയരോഗ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഒന്നാംനിര ടി.ബി ചികിത്സയ്ക്ക് പ്രതികരിക്കാത്ത രോഗികൾക്ക് റെസിസ്റ്റന്റ് ടി.ബി ആണോ എന്ന് പരിശോധിക്കുന്നതിലേയ്ക്കായി ഇന്റർ മീഡിയറ്റ് റഫറൻസ് ലബോറട്ടറി സ്റ്റേറ്റ് ടി.ബി സെല്ലിൽ പ്രവർത്തിച്ചുവരുന്നു. മൾട്ടി ഡ്രഗ് റസിസ്റ്റന്റ് (എം.ഡി.ആർ) ടി.ബി ഉള്ളവരായി കണ്ടെത്തുന്ന രോഗികൾക്ക് എം.ഡി.ആർ ചികിത്സ തുടങ്ങി വയ്ക്കുന്നതിലേയ്ക്കായി തിരുവനന്തപുരത്ത് പുലയനാർ കോട്ടയിലും കോഴിക്കോട് നെഞ്ച് രോഗ ആശുപത്രിയിലും ഡി.ആർ.ടി.ബി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

താലൂക്ക് തലത്തിൽ അഞ്ച് ലക്ഷം ജനസംഖ്യയ്ക്ക് ഒരു ടി.ബി യൂണിറ്റ് വീതവും ഒരു ലക്ഷം ജനസംഖ്യയ്ക്ക് കഫപരിശോധനാ കേന്ദ്രം (ഡി.എം.സി) വീതവും സി.എച്ച്.സി കളിലും പി.എച്ച്.സികൾ ഡോട്സ് സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. ടി.ബി യൂണിറ്റുകൾ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും പ്രവർത്തിച്ചുവരുന്നുണ്ട്. മാത്രമല്ല എല്ലാ ടി.ബി യൂണിറ്റുകളേയും കമ്പ്യൂട്ടർ ശൃംഖലയിലേയ്ക്ക് കൊണ്ടുവരുന്ന പ്രവർത്തനം നടന്നുവരികയാണ്.

(സി) ടി.ബി.രോഗ ബാധിതർക്കായി മരുന്നെത്തിക്കുന്ന ഡോട്ട്സ് പ്രൊവൈഡേഴ്സിന് വകുപ്പ് നല്കുവാനുള്ള കുടിശ്ശിക തുക എത്രയെന്ന് വിശദമാക്കുമോ?

(സി) 40,81,750 രൂപ (നാല്പത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എഴുന്നൂറ്റി അൻപത് രൂപ) ആണ് ടി.ബി രോഗബാധിതർക്കായി മരുന്നെത്തിക്കുന്ന ഡോട്സ് പ്രൊവൈഡേഴ്സിന് വകുപ്പ് നല്കുവാനുള്ള കുടിശ്ശിക തുക.

(ഡി) ടി.ബി. രോഗികൾക്ക് നല്കിവരുന്ന സൗജന്യ സേവനങ്ങൾ ചുരുക്കി വിശദമാക്കുമോ?

(ഡി) കഫ പരിശോധന എം.ഡി.ആർ/എക്സ്.ഡി.ആർ ടി.ബിയ്ക്കുള്ള കൾച്ചർ പരിശോധന ടി.ബി/എം.ഡി.ആർ/എക്സ്.ഡി.ആർ എന്നിവയ്ക്കുള്ള മരുന്നുകളും പുതുക്കിയ ക്ഷയരോഗ പരിപാടിയിലൂടെ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. എം.ഡി.ആർ ടി.ബി ക്ഷയരോഗികൾക്ക് തുടർചികിത്സയ്ക്കായി ഡി.ആർ.ടി.ബി സെന്ററുകളിലേയ്ക്ക് യാത്രാചെലവ് നല്കിവരുന്നു. റവന്യൂ വകുപ്പ് വഴി ചികിത്സാ കാലയളവിൽ ക്ഷയരോഗികൾക്ക് പെൻഷൻ നല്കിവരുന്നു. ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടുകൂടി അതത് ജില്ലകളിലെ ക്ഷയരോഗികൾക്ക് നല്കുന്നതിനുള്ള ന്യൂട്രീഷണൽ സപ്പോർട്ട് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിന്റെ പ്ലാൻ ഫണ്ട് നോൺപ്ലാൻ ഫണ്ട് വഴിയും അർഹരായ രോഗികൾക്ക് ധനസഹായം നല്കിവരുന്നു.

സെക്ഷൻ ഓഫീസർ